പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1916

04..10..2011 ൽ മറുപടിക്ക്

റിട്ടയർമെന്റിന് ശേഷം തുടരുന്ന ഉദ്യോഗസ്ഥൻമാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എളമരം കരീം | ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാർക്ക് റിട്ടയർമെന്റിന് ശേഷം എക്സ്റ്റൻഷൻ നല്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കുമോ ; | (എ) മുൻകാലങ്ങളിലെ പോലെ പൊതു മേഖലാ സ്ഥാപനങ്ങളിൽ പ്രവർത്തന മികവും പ്രാഗല്ഭ്യവും തെളിയിച്ച ഉദ്യോഗസ്ഥരെ അനിവാര്യമെന്ന് തോന്നുന്നപക്ഷം കരാർ വ്യവസ്ഥയിൽ വീണ്ടും നിയമനം നല്കാറുണ്ട്. |
| (ബി) ഏതെങ്കിലും കമ്പനികളിൽ ഉന്നത സ്ഥാനങ്ങളിൽ റിട്ടയർമെന്റിന് ശേഷം തുടരുന്ന ഉദ്യോഗസ്ഥൻമാരുണ്ടോ എന്ന കാര്യം വ്യക്തമാക്കുമോ ; | (ബി) ഉണ്ട് |
| (സി) കെ.എം.എം.എല്ലിൽ എക്സിക്യൂട്ടീവ് ഡയറക്ടർ സ്ഥാനത്ത് അത്തരത്തിൽ ആരെങ്കിലും തുടരുന്നുണ്ടോ ; | (സി) മുൻസർക്കാർ റിട്ടയർമെന്റിന് ശേഷം 1.1.2010 മുതൽ എക്സിക്യൂട്ടീവ് ഡയറക്ടറായി വീണ്ടും നിയമനം നല്കിയ ഉദ്യോഗസ്ഥൻ ഇപ്പോഴും തുടരുകയാണ്. |
| (ഡി) കഴിഞ്ഞ സർക്കാർ ഒഴിവാക്കാൻ തീരുമാനിച്ച ഏതെങ്കിലും ഉദ്യോഗസ്ഥന്മാർ കെ.എം.എം.എല്ലിൽ തുടരുന്നുണ്ടോ; | (ഡി) ഉണ്ട് |
| (ഇ) എങ്കിൽ ഇതിന് എന്തെങ്കിലും പ്രത്യേക കാരണമുണ്ടോ ; | (ഇ) കെ.എം.എൽ.എൽ-ലെ സാങ്കേതിക വിഷയങ്ങളിൽ പരിജ്ഞാനവും പരിചയ സമ്പത്തുമുള്ള ഉദ്യോഗസ്ഥരുടെ അഭാവം പരിഹരിക്കുന്നതിനായി ഈ ഉദ്യോഗസ്ഥനെ നിലനിർത്തേണ്ടതുണ്ടോ എന്ന കാര്യം പരിശോധിച്ചു വരുന്നു. 2010 ഡിസംബറിൽ ജോയിന്റ് ജനറൽ മാനേജരായി സ്ഥാനക്കയറ്റം ലഭിച്ച മറ്റൊരു ഉദ്യോഗസ്ഥനെ പ്രൊബേഷൻ പൂർത്തിയാക്കുന്നതിന് മുമ്പ് ജനറൽമാനേജരുടെ മുകളിലുള്ള എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയിൽ നിയമിച്ച സാഹചര്യത്തിലാണിത് വേണ്ടി വന്നത്. |
| (എഫ്) ബാഹ്യശക്തികളുടെ സമ്മർദ്ദത്തിന് വഴങ്ങിയാണ് അത്തരക്കാർ തുടരുന്നതെന്ന ആക്ഷേപത്തെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തുമോ ? | (എഫ്) ഇത്തരമൊരാക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ.